# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2654 12.03.2018- ൽ മറുപടിക്ക്

**ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ജോയി | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) ഇല്ല, ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേര് ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതിയിലെ പൊതുവിധി ന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്)നം. 220/2015 /പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു |
| (ബി) ക്ലറിക്കൽ തസ്തികയിലുള്ള ജീവനക്കാരുടെ അഭാവത്തിൽ ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>(സി) അദ്ധ്യാപകർ ക്ലറിക്കൽ ജോലിയിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) & (സി) പ്രിൻസിപ്പൽമാരാണ് മറ്റ് അദ്ധ്യാപകരുടെ സഹായത്തോടെ ക്ളറിക്കൽ ജോലികൾ ചെയ്തുവരുന്നത് |

സെക്ഷൻ ഓഫീസർ